പെട്രോളിയം ഉൽപ്പന്നങ്ങളിൽ മായം ചേർക്കുന്നതിനെതിരെ നടപടി

118(1375) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം പെട്രോൾ, ഡീസൽ, വാഹനങ്ങളിൽ നിറയ്ക്കുന്ന ഗ്യാസ് എന്നിവയിൽ മായം ചേർത്ത് വിൽപ്പന നടത്തിയതിന് എത്ര പെട്രോൾ പമ്പുകൾക്കെതിരെ നടപടിയെടുത്തു; അവ ഏതൊക്കെ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇത്തരത്തിൽ മായം ചേർത്ത് വിൽപ്പന നടത്തുന്ന ഡീലർമാരെ ശിക്ഷിക്കുന്നതിന് സംസ്ഥാന ഗവണ്മെന്റിന് അധികാരമുണ്ടോ; വിശദാംശം നൽകുമോ;

(സി) മായം ചേർത്ത് വിൽപ്പന നടത്തിയ ഡീലർമാരിൽ എത്രപേർക്കെതിരെ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു ;

(ഡി) ഇത്തരക്കാർക്ക് കടുത്ത ശിക്ഷ നൽകുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്ക് ആവശ്യമായ ജലവും ടയറുകളിൽ കാറ്റു നിറയ്ക്കുന്നതിനുള്ള സൗകര്യവും സൗജന്യമായി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എഫ്) സർക്കാർ നിയന്ത്രിത പെട്രോൾ പമ്പുകളിൽപ്പോലും പ്രസ്തുത സേവനം ലഭ്യമാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം മായം കലർന്ന പെട്രോൾ, ഡീസൽ, എന്നിവ വിൽപ്പന നടത്തിയതിന് താഴെപ്പറയുന്ന പെട്രോൾ പമ്പുകൾക്കെതിരെ ഓയിൽ കമ്പനികൾ നടപടി സ്വീകരിച്ചിട്ടുണ്ട്.

നമ്പർ	പേര്	സ്ഥലം	ജില്ല	ഓയിൽകമ്പനി
(1)	(2)	(3)	(4)	(5)
1	അഭിഷേക് ഫ്യൂവൽസ്	ബന്ദടുക്ക	കാസർഗോഡ്	ഇന്ത്യൻ ഓയിൽ
2	ചങ്കലത്ത് മോട്ടോഴ്സ്	പാവറട്ടി	തൃശ്ശൂർ	ഇന്ത്യൻ ഓയിൽ
3	ശ്രീഷാ ഓട്ടോ ഫ്യൂവൽസ്	പഴുവിൽ	തൃശ്ശൂർ	ഇന്ത്യൻ ഓയിൽ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
4	പെട്രോലാന്റ്	പള്ളിക്കര	എറണാകുളം	ഇന്ത്യൻ ഓയിൽ
5	കെ.കെ. ഫ്യൂവൽസ്	കൊടുങ്ങല്ലൂർ	കോട്ടയം	ഇന്ത്യൻ ഓയിൽ
6	കെ.ജി. നാരായണൻ നായർ	കൊച്ചുവേളി	തിരുവനന്തപുരം	ഇന്ത്യൻ ഓയിൽ
7	ഗംഗാ ലക്ഷ്മി എന്റർപ്രൈസസ്	കിളിമാനൂർ	തിരുവനന്തപുരം	ഇന്ത്യൻ ഓയിൽ
8	അമീർ ഫ്യൂവൽസ്	കോലഴി	തൃശ്ശൂർ	ഭാരത്പെട്രോളിയം
9	എം.പി. ഫക്രുദ്ദീൻ സാഹിബ്	തൊടുപുഴ	ഇടുക്കി	ഹിന്ദുസ്ഥാൻ പെട്രോളിയം
10	കമല പെട്രോളിയം	കോവളം	തിരുവനന്തപുരം	ഹിന്ദുസ്ഥാൻ പെട്രോളിയം
11	ചെറുകുപ്പൻ ഏജൻസീസ്	പാലക്കുഴ	എറണാകുളം	ഹിന്ദുസ്ഥാൻ പെട്രോളിയം
12	നൈനാ& കമ്പനി	കൊമ്പറ	എറണാകുളം	ഹിന്ദുസ്ഥാൻ പെട്രോളിയം
13	നീതു ഫ്യൂവൽസ്	മൈനാഗപ്പള്ളി	കൊല്ലം	ഹിന്ദുസ്ഥാൻ പെട്രോളിയം

കൂടാതെ വയനാട് ജില്ലയിലെ പനമരം എന്ന സ്ഥലത്തെ ഐ.ഒ.സി. ഡീലറായ എം. കെ. കുമാരൻ എന്നയാൾക്കെതിരെ ജില്ലാ ഭരണകൂടം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇന്ധനങ്ങളിൽ മായം ചേർന്ന് വിൽപ്പന നടത്തുന്നത് കണ്ടു പിടിക്കാനായി പെട്രോൾ പമ്പുകളിൽ പരിശോധന നടത്തുന്നതിന് മോട്ടോർ സ്പിരിറ്റ് ആന്റ് ഹൈസ്പീഡ് ഡീസൽ കൺട്രോൾ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരിന് അധികാരമുണ്ട്.

(സി&ഡി) 13 പെട്രോൾ പമ്പുകളുടെ അംഗീകാരം ഓയിൽ കമ്പനികൾ റദ്ദാക്കിയിട്ടുണ്ട്. കൂടാതെ, വയനാട് ജില്ലയിൽ പനമരം ഐ.ഒ.സി. ഡീലറായ എം.കെ കുമാരന്റെ പമ്പിന്റെ ലൈസൻസ് താത്ക്കാലികമായി ജില്ലാ ഭരണ കൂടം റദ്ദാക്കുകയും തുടർന്ന് പുനഃസ്ഥാപിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്ക് ആവശ്യമായ ജലവും, ടയറുകളിൽ കാറ്റു നിറയ്ക്കുന്നതിനുള്ള സൗകര്യവും സൗജന്യമായി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സൗകര്യം ലഭ്യമാക്കാത്ത പമ്പുകളുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ എല്ലാ ജില്ലാ സപ്ലൈ ആഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) സപ്ലൈകോയുടെ ഉടമസ്ഥതയിൽ നടത്തുന്ന 13 പെട്രോൾ പമ്പുകളിലും ഉപഭോക്താക്കൾക്ക് ആവശ്യമായ ജലവും ടയറുകളിൽ കാറ്റു നിറയ്ക്കുന്നതിനുള്ള സൗകര്യവും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി

119(1376) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ ഓരോ ജില്ലകളിലും എത്ര വീതം റേഷൻ കടകൾ ഉൾപ്പെടുത്തിയിട്ടുണ്ട്, വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

റേഷൻകടകൾ വഴി നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി 14-2-2011-ന് ഉദ്ഘാടനം ചെയ്തു. സംസ്ഥാനമൊട്ടാകെ 3000 റേഷൻ കടകളെയാണ് ഈ പദ്ധതിയിൽ ഒന്നാംഘട്ടമായി ഇപ്പോൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ തിരുവനന്തപുരം ജില്ലയിലെ ഓരോ പഞ്ചായത്തിലെയും 2 റേഷൻ കടകൾ വീതം ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്.

ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്രം ലഭ്യമാക്കുന്ന അരിയുടെ വില

120(1377) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.പി.എൽ. കുടുംബങ്ങൾക്ക് അരി വിതരണം ചെയ്യാൻ വേണ്ടി കേന്ദ്ര സർക്കാർ അരി ലഭ്യമാക്കുന്നത് കിലോയ്ക്ക് എത്ര രൂപ നിരക്കിലാണ് ;

(ബി) എത്ര കുടുംബങ്ങൾക്കാണ് സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റ് ഇങ്ങനെ അരി നൽകുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ബി.പി.എൽ. വിഭാഗത്തിന് കിലോയ്ക്ക് 5.65 രൂപ നിരക്കിലാണ് കേന്ദ്രം അരി അനുവദിക്കുന്നത്. ഇത് 6.20 രൂപ നിരക്കിലാണ് വിൽക്കാൻ കഴിയുന്നത്. എ.എ.വൈ. വിഭാഗത്തിന് കിലോഗ്രാമിന് 3.00 രൂപ നിരക്കിലാണ് കേന്ദ്രം അരി അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly